LIBRARY ARCHIVES Kerala Legislative Assembly

കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നിർവ്വഹണം

63 (1437) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 11-4-2013-ലെ സ.ഉ (സാധാ) 990/2013 നമ്പർ ഉത്തരവ് പ്രകാരം കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നിർവ്വഹണത്തിന് കൂടുതൽ ഫ്ളെക്സിബിലിറ്റി വരുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ട് രൂപീകരിച്ച കമ്മിറ്റി ഇത് സംബന്ധിച്ച റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ കമ്മിറ്റിയുടെ പ്രധാനപ്പെട്ട നിർദ്ദേശങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

ഉത്തരം

വിവരം ശേഖരിച്ചുവരുന്നു.

കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഫണ്ട് വിനിയോഗം

64 (1438) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി 2015-16 സാമ്പത്തിക വർഷം എത്ര രൂപ കേന്ദ്രം അനുവദിച്ചു എന്നറിയിക്കുമോ;

(ബി) ആയതിൽ 2016 ജനുവരി 31 വരെ എത്ര രൂപ ചെലവഴിച്ചു എന്നറിയിക്കുമോ;

(സി) ഇത്തരത്തിൽ 2014-15 സാമ്പത്തിക വർഷം കേന്ദ്രം അനുവദിച്ച തുക എത്രയെന്നും ഇതിൽ എത്രതുക ചെലവഴിക്കാൻ കഴിയാതെ ലാപ്സായി എന്നും വ്യക്തമാക്കുമോ;

(ഡി) മികച്ച ആസൂത്രണമില്ലായ്മയാണ് ഇത്തരത്തിൽ കേന്ദ്രം നൽകുന്ന തുക ലാപ്സാകുന്നതിന് കാരണമെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ഇ) ദേശീയ തൊഴിലുറപ്പ് പദ്ധതി, ഇന്ദിരാ ആവാസ് യോജന, പ്രധാനമന്ത്രിയുടെ ഗ്രാമീണ റോഡ് പദ്ധതി എന്നിവയ്ക്ക് 2015-16 സാമ്പത്തിക വർഷം എത്ര തുക അനുവദിച്ചു; ആയതിൽ 2016 ജനുവരി 31 വരെ എന്ത് തുക ചെലവഴിച്ചു;വിശദമാക്കുമോ; കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി കേന്ദ്രം നൽകുന്ന തുക ഈ സർക്കാർ ഏതൊക്കെ കാര്യങ്ങൾക്കായി വകമാറ്റി ചെലവഴിച്ചു വിശദാംശം വ്യക്തമാക്കുമോ?